## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5362

28/07/2015 -ൽ
മറുപടിയ്ക്ക്

### വിദ്യാഭ്യാസ വായ്പാ കുടിശ്ശിക എഴുതിതള്ളുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.കെ.സി..ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവുംനോർക്കയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പ കുടിശ്ശിക എഴുതിതള്ളുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ), (ബി), & (സി) | വിദ്യാഭ്യാസ വായ്പ കുടിശ്ശിക എഴുതിത ള്ളുന്നതിന് നിലവിൽ പദ്ധതികൾ ഒന്നുമില്ല. |
| (ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | എന്നാൽ അർഹരായവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ, വായ്പാ പുന: ക്രമീകരണം. ഇളവുകൾ നൽകൽ എന്നിവ ബാങ്കുകൾ നൽകി വരുന്നുണ്ട്. |
| (സി) എത്രപേരുടെ വായ്പാകുടിശ്ശിക ഇതുവരെ എഴുതി തള്ളിയിട്ടുണ്ടെന്ന് പറയാമോ; | | |
| (ഡി) വിദ്യാഭ്യാസ വായ്പയുടെ പലിശ ഇളവിന് അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| ഇ) എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാം; എത്രപേർ അപേക്ഷ നൽകി; ജില്ല തിരിച്ചുള്ള വിവരം നൽകുമോ; | (ഇ) | വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. |

(എഫ്) വിദ്യാഭ്യാസ വായ്പ പലിശ ഇളവ് നൽകുന്നതിന് കേന്ദ്രസർക്കാർ എത്ര തുക നൽകിയെന്നും, അതിൽ സംസ്ഥാന സർക്കാർ ബാങ്കുകൾക്ക് എത്ര തുക കൈമാറിയെന്നും പറയാമോ;

(എഫ്) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പലിശ സബ്സിഡി പ്രകാരം കേരള ത്തിലെ അപേക്ഷകർക്ക് ബാങ്കുകൾ വഴി കേന്ദ്ര സർക്കാർ നൽകിയ തുക താഴെ പറയുന്നു.

| വർഷം | നൽകിയ തുക |
|---|---|
| 2009-10 | 46.69 കോടി |
| 2010-11 | 144.04 കോടി |
| 2011-12 | 274.18 കോടി |
| 2012-13 | 392.15 കോടി |
| 2013-14 | 379.65 കോടി |

സംസ്ഥാന സർക്കാരിന്റെ BPL പലിശ സബ്സിഡി സ്കീം പ്രകാരം 364375000 രൂപ അനുവദിച്ചിട്ടുണ്ട്.

(ജി) വായ്പാകുടിശ്ശികയുടെ പേരിൽ ബാങ്കുകളുടെ പീഡനങ്ങളിൽ നിന്നും കുട്ടികളേയും രക്ഷകർത്താക്കളേയും രക്ഷിക്കുവാനും പരിധിയില്ലാതെ എല്ലാവർക്കും പലിശ ഇളവനുവദി ക്കുവാനും അർഹരായവരുടെ വായ്പാകുടിശ്ശിക എഴുതിതള്ളാനും നടപടികൾ സ്വീകരിക്കുമോ ?

(ജി) വായ്പ കുടിശ്ശികയാകുമ്പോൾ, ബാങ്കുകൾ നിയമാനുസൃതമായ നടപ ടികൾ മാത്രമേ സ്വീകരിക്കുകയുള്ളു.

BPL വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതർ 1.4.2004 മുതൽ 31.03.2009 വരെ കാലഘട്ടത്തിൽ എടുത്ത വിദ്യാഭ്യാസ ലോണുകളുടെ റിക്കവറി നടപടികൾക്ക് സർക്കാർ മോറട്ടോ റിയം പ്രഖ്യപിച്ചിട്ടുണ്ട്.

കേന്ദ്രപലിശ സബ്സിഡി സ്കീം പ്രകാരം പലിശ സബ്സിഡിയ്ക്ക് അപേക്ഷിച്ചവരുടെ വിദ്യാഭ്യാസ ലോണിന്റെ റിക്കവറി നടപടികൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണന യിലാണ്.

വിദ്യാഭ്യാസ വായ്പ കുടിശ്ശിക എഴുതിതള്ളുന്നതിന് നിലവിൽ പദ്ധ തികൾ ഒന്നുമില്ല.

എന്നാൽ അർഹരായവർക്ക് ഒറ്റത്ത വണ തീർപ്പാക്കൽ, വായ്പാ പുന: ക്രമീകരണം. ഇളവുകൾ നൽകൽ എന്നിവ ബാങ്കുകൾ നൽകി വരു ന്നുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സംസ്ഥാന സർക്കാർ പലിശ സബ്സിഡി സ്കീം മാനദണ്ഡങ്ങൾ

- അപേക്ഷകർ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2009-ലെ ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളിൽ നിന്നുള്ള തൊഴിൽരഹിതാരായിരിക്കണം.
- ഷെഡ്യൂൾഡ് കമേഴ്സ്യൽ ബാങ്കുകളിൽ നിന്നും ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷൻ മാനദണ്ഡമനുസരിച്ച് അനുവദനീയമായ കോഴ്സുകൾ പഠിക്കുന്നതിന് വായ്പ എടുത്തിട്ടുള്ള വിദ്യാർത്ഥികൾ ആയിരിക്കണം
- പ്രവേശന തീയതി മുതൽ കോഴ്സ് അവസാനിച്ച് ഒരു വർഷംവരെയാണ് പലിശ സബ്സിഡി നൽകുന്നത്.

ഷെഡ്യൂൾഡ്/കമേഴ്സ്യൽ ബാങ്കുകളിൽ നിന്നും ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷൻ മാനദണ്ഡമനുസരിച്ച് വിദ്യാഭ്യാസ വായ്പയെടുത്ത 3 ലക്ഷംവരെ വാർഷിക വരുമാനമുള്ള തൊഴിൽരഹിതരായ വിദ്യാർത്ഥികളുടെ 1/4/2004 മുതൽ 31/3/2009 വരെയുള്ള വിദ്യാഭ്യാസ ലോണുകൾക്ക് പലിശ സബ്സിഡി അനുവദിക്കുന്ന സ്കീം സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിരുന്നു. എന്നാൽ ഇതിനുസമാനമായ ഒരു പലിശ സബ്സിഡി സ്കീം കേന്ദ്ര സർക്കാർ ആവിഷ്കരിച്ചതിനാൽ ഈ സ്കീം പിൻവലിക്കുകയുണ്ടായി.

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച (CSIS) പലിശയിളവ് സ്കീം പ്രകാരം 4.5 ലക്ഷംവരെ വാർഷിക വരുമാനമുള്ള കുടുംബത്തിലെ കുട്ടികളുടെ ഡിഗ്രി തലത്തിലുള്ള പ്രഫഷണൽ കോഴ്സുകളുടെ പലിശയാണ് കേന്ദ്ര സർക്കാർ വഹിക്കുന്നത്.

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പലിശ സബ്സിഡി പ്രകാരം ലഭിച്ച അപേക്ഷകൾ താഴെപറയുന്നു.

| വർഷം | 2009-10 | 2010-11 | 2011-12 | 2012-13 | 2013-14 |
|---|---|---|---|---|---|
| ആകെ അപേക്ഷകൾ | **117480** | **172844** | **206875** | **222114** | **195861** |

കേന്ദ്ര പലിശ സബ്സിഡി സ്കീം പ്രകാരം ലഭിച്ച അപേക്ഷകളുടെ എണ്ണം സ്റ്റേറ്റു ലെവൽ ബാങ്കേഴ്സ് കമ്മിറ്റി ജില്ലാടിസ്ഥാനത്തിൽ ശേഖരിച്ചിട്ടില്ല.

BPL/ 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്കായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പലിശസബ്സിഡി സ്കീം പ്രകാരം ലഭിച്ച ആകെ അപേക്ഷകൾ ജില്ലാ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു.

| ജില്ല | ആകെ ലഭിച്ച അപേക്ഷകൾ ( ബി.പി.എൽ/ 3 ലക്ഷം രൂപവരെ വാർഷികവരുമാനമുള്ള വരിൽനിന്നാം ലഭിച്ചത്) |
|---|---|
| തിരുവനന്തപുരം | 6150 |
| കൊല്ലം | 6305 |
| ആലപ്പുഴ | 9162 |
| പത്തനംതിട്ട | 5070 |
| കോട്ടയം | 12570 |
| ഇടുക്കി | 5844 |
| പാലക്കാട് | 2967 |
| വയനാട് | 4500 |
| എറണാകുളം | 5453 |
| തൃശ്ശൂർ | 3410 |
| മലപ്പുറം | 1956 |
| കോഴിക്കോട് | 4796 |
| കണ്ണൂർ | 2512 |
| കാസറഗോഡ് | 1121 |

* 3 ലക്ഷം രൂപവരെ വാർഷികവരുമാനമുള്ളവർക്കായി കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതി സമാനമായ മറ്റൊരു പദ്ധതി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതിനാൽ പിൻവലിച്ചു.